**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3466** **26-10-2021 - ൽ മറുപടിയ്ക്ക്**

**നീര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നടപ്പാക്കിയ നീര ഉല്പാദനവും വിപണനവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | നീര ഉല്പാദനം ത്വരിതപ്പെടുത്തുവാനായി 22.06.2015ലെ സ.ഉ(എം.എസ്)നം. 111/2015/ അഗ്രി ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. കേരളത്തിന്റെ പ്രധാന കാർഷിക വിളകളിലൊന്നായ തെങ്ങിൽ നിന്നുള്ള ഉൽപ്പന്നമായ നീരയ്ക്ക് സംസ്ഥാനത്തിനകത്തും പുറത്തും വിദേശ രാജ്യങ്ങളിലുൾപ്പടെ കൈവന്നിട്ടുള്ള സ്വീകാര്യതയും വിപണനസാധ്യതയും കണക്കിലെടുത്തു നീരയുടെ ഉല്പാദനവും വിപണനവും വർധിപ്പിക്കുന്നതിനും ആയതിനു ഒരു അന്താരാഷ്ട്ര നിലവാരം വരുത്തുന്നതിനും 18.7.2018 ലെ സ.ഉ.(പി)നം.6/2018/അഗ്രി ഉത്തരവ് പ്രകാരം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിരുന്നു. നാളികേര വികസന ബോർഡിന്റെ കീഴിൽ നാളികേര പ്രൊഡ്യൂസർ കമ്പനികൾക്ക് നീര പ്രോസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കെട്ടിട - യന്ത്ര സാമഗ്രികൾക്ക് ചിലവാക്കുന്ന തുകയുടെ 25% (പരമാവധി 50 ലക്ഷം രൂപ) വരെ നൽകുന്നതിനുള്ള പദ്ധതിക്കായി 2017-18 ൽ 200 ലക്ഷം രൂപ അനുവദിച്ചിരുന്നു. വായ്പധിഷ്ഠിത പദ്ധതികൾക്ക് ബാക്ക് എൻഡ്  സബ്സിഡി നൽകുന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. പദ്ധതി ചിലവിന്റെ 25 ശതമാനത്തിൽ താഴെയായിരിക്കണം കെട്ടിട നിർമാണ ചെലവ്. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏജൻസികൾക്ക്,  സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം സാക്ഷ്യപ്പെടുത്തിയ പദ്ധതികൾ കൃഷി ഡയറക്ടർക്ക് സമർപ്പിക്കണം. നാളികേര വികസന ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാളികേര ഉല്പാദന സൊസൈറ്റികൾ/ ഫെഡറേഷൻ എന്നിവയ്ക്ക് നാളികേര വികസന ബോർഡ് സാക്ഷ്യപ്പെടുത്തിയ പദ്ധതികൾ കൃഷി ഡയറക്ടർക്ക് സമർപ്പിക്കണം. നീര |

| | | | |
|---|---|---|---|
| | | | ടെക്നീഷ്യന്മാരുടെ പരിശീലനവുമായി ബന്ധപെട്ടു ഏകീകൃത കരിക്കുലം നാളികേര വികസന ബോർഡ് തയാറാക്കി, ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉത്പാദക സൊസൈറ്റികൾ/ ഫെഡറേഷൻ എന്നിവയുടെ പരിശീലനം നാളികേര വികസന ബോർഡ് നടത്തി, കൃഷി വകുപ്പിന് കീഴിലുള്ള ഏജൻസി കൾക്ക് നാളികേര വികസന ബോർഡ് കരിക്കുലം അനുസരിച്ച പരിശീലനം നടത്താനും ലക്ഷ്യമിട്ടിരുന്നു. നീര ടെക്നീഷ്യന്മാർക്ക് പരിശീലനത്തിനായി ഒരാൾക്ക് 10000 രൂപ വീതം സബ്സിഡി അനുവദിക്കുന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. |
| (ബി) | ഇതിനായി മുൻ സർക്കാരുകൾ ചിലവാക്കിയതുക എത്രയെന്നും എത്രപേർക്ക് തൊഴിൽ ലഭ്യമാക്കി എന്നും നിലവിലെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ; | (ബി) | കേരളത്തിൽ നാളികേരത്തിന്റെ മൂല്യവർധനവും നീര ഉല്പാദനവുമായി ബന്ധപെട്ടു 29 നാളികേര ഉത്പാദക കമ്പനികൾ കോക്കനട്ട് ഡവലപ്പ്മെന്റ് ബോർഡ് (CDB)ന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽ കമ്പനികൾക്ക് നാളികേര വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തിന് പുറമേ 2015-16, 2016-17വർഷങ്ങളിൽ സംസ്ഥാന കൃഷി വകുപ്പും സാമ്പത്തിക സഹായം നൽകിയിരുന്നു. ഇതിൽ 10 കമ്പനികൾക്ക് 350.73 ലക്ഷം രൂപ നാളികേര വികസന ബോർഡും 4 കമ്പനികൾക്ക് 194 ലക്ഷം രൂപ സംസ്ഥാന കൃഷി വകുപ്പും നൽകിയിട്ടുണ്ട്. നിലവിൽ ഈ കമ്പനികളുടെ പ്രവർത്തനം മന്ദഗതിയിലാണ്. പദ്ധതി മുഖേന എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്ന വിവരം ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (സി) | സംസ്ഥാനത്തെ നീര ഉല്പാദന പദ്ധതിയ്ക്ക് നേതൃത്വം നൽകിയത് ആരാണെന്നും അതിൽ നാളീകേര വികസന ബോർഡിന്റെയും സഹകരണ ഫെഡറേഷനുകളുടെയും ഇടപെടലുകളും ഒപ്പം സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ; | (സി) | കേരളത്തിൽ നാളികേരത്തിന്റെ മൂല്യവർധനവും നീര ഉല്പാദനവുമായി ബന്ധപെട്ടു 29 നാളികേര ഉത്പാദക കമ്പനികൾ കോക്കനട്ട് ഡവലപ്പ്മെന്റ് ബോർഡ് (CDB)ന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ നീര ഉല്പാദന പദ്ധതിയ്ക്ക് നേതൃത്വം നൽകിയത്, അതിൽ നാളികേര വികസന ബോർഡിന്റെയും സഹകരണ ഫെഡറേഷനുകളുടെയും ഇടപെടലുകളും ഒപ്പം സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളും സംബന്ധിച്ച വിശദാംശം ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ഡി) | നീര ഉല്പാദനവും വിപണനവും കാര്യക്ഷമമാക്കി കേരകർഷകരെ സഹായിക്കാനും പ്രസ്തുത പ്രവർത്തനങ്ങളിൽ വീഴ്ചവരുത്തിയവരുടെ പേരിൽ എന്തു നടപടി സ്വീകരിയ്ക്കുമെന്നും വ്യക്തമാക്കുമോ? | (ഡി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ